പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3347** — **19.06.2018 ൽ മറുപടിക്ക്**

## റോഡ് വികസനത്തിന് ജലഗതാഗത വകുപ്പിന്റെ ഭൂമി

| ചോദ്യം<br>ശ്രീ.എം. മുകേഷ് | മറുപടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി., എസ്.ഇ.റ്റി എൻജിനിയറിംഗ് കോളേജിന് നൽകിയ ഭൂമി റോഡ് വികസനത്തിനായി പൊതുമരാമത്ത് ദേശീയപാത വിഭാഗം ഏറ്റെടുത്തിട്ട് (ലാന്റ് അക്വിസിഷൻ) നഷ്ടപരിഹാരം നൽകിയില്ലെന്ന കാരണത്താൽ, കൊല്ലം ജില്ലയിൽ ആശ്രാമം ലിങ്ക് റോഡ് നിർമ്മാണത്തിന് ജലഗതാഗത വകുപ്പിന്റെ അധീനതയിലുള്ള ഭൂമി വിട്ട് നൽകുന്നതിന് (ലാന്റ് ട്രാൻസ്ഫർ) പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച അപേക്ഷയിൽ ഭൂമി വിട്ട് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളത് (സർക്കാർ ഫയൽ നം.ഡി1/312/2017/ഗതാഗതം) നിയമാനുസൃത നടപടിയാണോ എന്നറിയിക്കാമോ; | (എ) കെ.എസ്.ആർ.ടി.സി, എസ്.ഇ.റ്റി. എഞ്ചിനിയറിംഗ് കോളേജിന് നൽകിയ ഭൂമി പൊതു മരാമത്ത് ദേശീയ പാതാവിഭാഗം ഏറ്റെടുത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും ആയതിന് നഷ്ട പരിഹാരം നൽകുകയോ ചുറ്റുമതിൽപോലും നിർമ്മിച്ച നൽകുകയോ ചെയ്തില്ലെന്ന കാരണത്താൽ ഇനിയും പൊതു മരാമത്ത് വകുപ്പിന് കൊല്ലം - ആശ്രാമം ലിങ്ക് റോഡിന്റെ നിർമ്മാണത്തിനായി ജലഗതാഗത വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി വിട്ടു നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയും പ്രസ്തുത തീരുമാനം പൊതുമരാമത്ത് വകുപ്പിനെ അറിയിച്ച് ഇത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന Trans-D1/312/2017 നം. ഫയൽ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| ((ബി) ആശ്രാമം ലിങ്ക് റോഡ് | (ബി) ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല. |

വികസനത്തിനായി ജലഗതാഗത വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റേണ്ടി വരുന്ന സാഹചര്യത്തിൽ കൊല്ലം എം.എൽ.എ യുടെ നിയോജകമണ്ഡല ആസ്തി വികസന നിധിയിൽ നിന്ന് 75 ലക്ഷം രൂപ ചെലവഴിച്ച് പുതിയ കെട്ടിടം നിർമ്മിച്ച് നൽകുകയും പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ലിങ്ക് റോഡ് വികസനത്തിനായി ഭൂമി വിട്ട് നൽകാവുന്നതാണെന്ന് ജലഗതാഗത വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ച 24.11.2017 ലെ കത്തിലെ ശിപാർശ പരിഗണിച്ച് ആശ്രാമം ലിങ്ക് റോഡ് വികസനത്തിനായി ഭൂമി വിട്ട് നൽകുന്നതിന് സഹായകരമായ നടപടി സ്വീകരിക്കുമോ;വിശദാംശം ലഭ്യമാക്കുമോ?

SR...

സെക്ഷൻ ഓഫീസർ